## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2354 | 08.03.2017 - ൽ മറുപടിയ്ക്ക് |
|---|---|

## നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി. തോമസ്<br>,, വി.പി.സജീന്ദ്രൻ<br>,, അൻവർ സാദത്ത്<br>,, കെ.മുരളീധരൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.<br><br>കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെ തന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചു.<br>കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br><br>റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി. |

| | | | |
|---|---|---|---|
| | | | റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തി.<br>60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി |
| (ബി) | കഴിഞ്ഞ ഒൻപതു മാസത്തെ പ്രവർത്തനങ്ങൾ കൊണ്ട് നികുതി രംഗം ശുചീകരിക്കുവാൻ കഴിഞ്ഞുവോ; | (ബി) | കഴിഞ്ഞ ഒൻപതു മാസത്തെ പ്രവർത്തനങ്ങൾ കൊണ്ട് നികുതി വരുമാനത്തിൽ ഉണ്ടായ വർദ്ധനവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>( തുക കോടിയിൽ ) |

| മാസം | 2015-16 | 2016-17 | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|
| മേയ് 2016 | 2486.19 | 2781.41 | 12 |
| ജൂൺ 2016 | 2367.43 | 2835.99 | 20 |
| ജൂലൈ 2016 | 2518.96 | 2593.21 | 3 |
| ആഗസ്റ്റ് 2016 | 2487.67 | 2701.94 | 9 |
| സെപ്തംബർ 2016 | 2800.50 | 3038.98 | 9 |
| ഒക്ടോബർ 2016 | 2579.74 | 3028.50 | 17 |
| നവംബർ 2016 | 2426.09 | 2760.09 | 14 |
| ഡിസംബർ 2016 | 2578.76 | 2535.27 | (-) 2 |
| ജനുവരി 2017 | 2482.91 | 2944.11 | 19 |
| ആകെ | 22728.25 | 25219.49 | 11 |

| | | | |
|---|---|---|---|
| (സി) | സർക്കാരിന്റെ പ്രവർത്തനം മൂലം നികുതി വരുമാനത്തിൽ വന്ന വർദ്ധനവ് എത്രയാണ്; പ്രതീക്ഷിച്ച വരുമാനം ലഭിച്ചോ ;ഇല്ലെങ്കിൽ കാരണമെന്താണ്; | (സി) | സർക്കാരിന്റെ പ്രവർത്തനംമൂലം നികുതി വരുമാനത്തിൽ 11% വർദ്ധനവ് ഉണ്ടായിട്ടുണ്ട് പ്രതീക്ഷിച്ച വർദ്ധനവ് 19 % ആയിരുന്നു. പ്രസ്തുത വർദ്ധനവ് ലഭിക്കാത്തതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ 23 ശതമാനത്തോളം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം ജനുവരി 31 വരെ 8% വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.<br><br>എണ്ണക്കമ്പനികളിൽ നിന്നും സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2017 ജനുവരി 31 വരെ 10 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.<br><br>അരി, ഗോതമ്പ്, മൈദ, ആട്ട, സൂജി എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കിയതും നികുതി പിരിവ് കുറയുന്നതിനുള്ള ഒരു കാരണമാണ്.<br><br>ചിക്കന്റെ നികുതിയിനത്തിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടില്ല. 31/01/2017 വരെ 4 ശതമാനം വളർച്ച മാത്രമേ നേടാൻ കഴിഞ്ഞിട്ടുള്ളൂ.<br><br>ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. പ്രസ്തുത ഇനത്തിൽ 10% വളർച്ച മാത്രമാണ് ഉണ്ടായിരിക്കുന്നത്.<br><br>ബിവറേജസ് കോർപ്പറേഷന്റെ വരുമാനം 2015-16 സാമ്പത്തിക വർഷം 21% വളർച്ച രേഖപ്പെടുത്തിയ സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം ജനുവരി 31 വരെ 7% വളർച്ച മാത്രമാണ് ഉണ്ടായിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | സിമന്റ്, ടൈൽസ്, ടിംബർ എന്നിവയിലും വരുമാനത്തിൽ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.<br><br>നോട്ട് നിരോധനവും വരുമാനം കുറയുന്നതിനുള്ള ഒരു കാരണമായി. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക എത്രയായിരുന്നുവെന്നും അതിൽ ഇതുവരെ എത്ര തുക പിരിച്ചെടുത്തുവെന്നും വെളിപ്പെടുത്തുമോ ; | (ഡി) | 01/04/2016 ലെ കണക്കനുസരിച്ച് വാണിജ്യ നികുതി വകുപ്പിൽ 6883.98 കോടി രൂപ പിരിഞ്ഞുകിട്ടേണ്ടതായിട്ടുണ്ട് . ഇതിൽ 111.07 കോടി രൂപ 31/01/2017 വരെ പിരിച്ചെടുത്തു. |
| (ഇ) | കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ നിലവിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ ? | (ഇ) | വിവിധ കേസുകളിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ നികുതി പിരിച്ചെടുക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നു. കൂടാതെ അന്യ സംസ്ഥാന ങ്ങളിൽ താമസിക്കുന്ന വ്യാപാരികളിൽ നിന്ന് അവിടത്തെ ഗവണ്മെന്റുമായി ബന്ധപ്പെട്ടതിനുശേഷം മാത്രമേ നികുതി പിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലാത്ത വ്യാപാരികളുടെ കുടിശ്ശിക പിരിച്ചെടുക്കുവാൻ സാധിക്കാത്തതിനാൽ റവന്യൂ റിക്കവറി റിക്വസിഷൻ കളക്ടർ മടക്കി അയയ്ക്കുന്നുണ്ട്. വ്യാപാരം മതിയാക്കുകയോ വ്യാപാരി മരണപ്പെടുകയോ ചെയ്യുന്ന അവസരങ്ങളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**